**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 610 29.06.2011 ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ; | (എ | ജൈക്ക സഹായത്തോടെ കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വിവിധ പാക്കേജുകളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>__പാക്കേജ് 1 ഇൻടേക്ക് വെല്ലും ശുദ്ധീകരണ ശാലയും –__<br><br>ശുദ്ധീകരണ ശാലയുടെ പ്രവൃത്തികൾ 37% പൂർത്തീകരിച്ചു. കിണറിൻെറ രൂപ കല്പന ഭേദഗതി ജൈക്ക അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.<br><br>__പാക്കേജ് 2 എ ആൻറ് ബി – ട്രാൻസ്മിഷൻ മെയിൻ –__<br>ഇവയുടെ പ്രവൃത്തികൾ 89% പൂർത്തീകരിച്ചു.<br>__പാക്കേജ് 3 – വിതരണ ശൃംഖല–__<br>വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ വീഴ്ച്ച വരുത്തിയ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയ ശേഷം പ്രസ്തുത പാക്കേജ് പുനർ ദർഘാസ് ചെയ്യുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ കരാറുകാരൻ കാൽ ഭാഗത്തോളം പണികൾ മാത്രമേ ചെയ്തിട്ടുള്ളൂ.<br><br>__പാക്കേജ് 4 ജലസംഭരണികൾ –__<br>പദ്ധതിയുടെ ഭാഗമായി പണിയുന്ന 20 ജലസംഭരണികളിൽ 14 എണ്ണത്തിൻെറ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തീകരിച്ചു. ആയതിൻെറ പൈപ്പ് കണക്ഷൻ, റോഡു നിർമ്മാണം തുടങ്ങി അനുബന്ധ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ നടന്നു വരുന്നു. മറ്റ് മൂന്ന് ജലസംഭരണികളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. തലക്കുളത്തൂർ, നരിക്കുനി, കാക്കൂർ എന്നീ മൂന്ന് ജലസംഭരണികളുടെ പണികൾക്കു സ്ഥലം ലഭ്യമാക്കാമെന്ന് ജില്ലാ കളക്ടർ ഉറപ്പു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾക്ക് അഡ്വാൻസ് പൊസിഷൻ ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കാവുന്നതാണ്.<br><br><u>പാക്കേജ് 5 – റീഹാബിലിക്കേഷൻ പ്രവൃത്തികൾ –</u><br>നിലവിലുള്ള കോഴിക്കോട് ശുദ്ധ ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കുവേണ്ടി പൈപ്പിടുന്നത് മൂലം റോഡുകൾ താറുമാറായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | റോഡുകൾ ഗാതാഗത യോഗ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | (സി) | സ്വീകരിക്കും |
| (ഡി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഇപ്പോഴുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ; | (ഡി) | പെരുവണ്ണാമൂഴി റിസർവോയറിൽ പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് പാറ പൊട്ടിക്കുന്നതിന് തടസ്സവാദങ്ങൾ ഉന്നയിച്ചതിനാൽ കിണറിൻെറ സ്ഥാനം പുനർനിർണ്ണയിക്കേണ്ടി വന്നത് കാലതാമസത്തിന് ഇടയാക്കി. പാറപൊട്ടിക്കൽ നിരോധനം ബാധകമാകാത്ത സ്ഥലത്ത് ഇൻടേക്ക് പണിയുന്നതിനുള്ള പുതിയ പ്രൊപ്പോസൽ കരാറുകാരൻ സമർപ്പിച്ചത് കൺസൽട്ടൻറ് പരിശോധന പൂർത്തിയാക്കി ജൈക്ക അനുമതിയ്ക്കായി നൽകിയിട്ടുണ്ട്.<br><br>വിതരണ ശൃംഖലയുടെ പണികൾക്കുള്ള കരാർ അവസാനിപ്പിക്കേണ്ടി വന്നതിനാൽ പുതിയ ടെണ്ടർ വിളിച്ചു കരാറുകാരനെ തീരുമാനിച്ച് പ്രവർത്തികൾ വീണ്ടും ആരംഭിക്കേണ്ടതുണ്ട്. അതിനായുള്ള റീ ടെണ്ടർ നടപടികൾ നടന്നു വരുന്നു. |

| | | |
|---|---|---|
| | | ട്രാൻസ്മിഷൻ ലൈൻ കടന്നു പോകുന്ന സ്ഥലത്തെ ചില വ്യക്തികൾ പേരാമ്പ്രാ കോടതിയിൽ ഫയൽ ചെയ്ത കേസ് നിലവിലുള്ളതിനാൽ ആ സ്ഥല ങ്ങ ളിൽ പൈപ്പ് ലൈൻ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്.<br><br>നരിക്കുനി, തലക്കുളത്തൂർ, കാക്കൂർ എന്നിവിടങ്ങളിൽ ജലസംഭരണികൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഇനിയും ലഭിച്ചിട്ടില്ല. കാലതാമസം കൂടാതെ സ്ഥലം ലഭ്യമാക്കാമെന്ന ജില്ലാ കളക്ടർ ഉറപ്പു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾക്ക് അഡ്വാൻസ് പൊസിഷൻ ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കാവുന്നതാണ്. |
| (ഇ) | പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | 31.03.2013 ഓടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ